"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ ആർ ) വകുപ്പ്

നമ്പർ.ജെ ആർ 1/275/2023/GEDN 12-06-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്- 2022-23 വർഷം മുതലുള്ള തസ്തികനിർണ്ണയം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നതു വരെ പ്രസ്തുത തസ്തികകളിലെ അദ്ധ്യാപകരുടെ താൽക്കാലിക നിയമനം - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന:- 1.**GO(Ms) 102/2022/GEDN dated 08.06.2022**

2.താങ്കളുടെ 02.06.2023 തീയതിയിലെ DGE/8784/2023/H2 നമ്പർ കത്ത്.

സൂചനകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ കുട്ടികളുള്ള പക്ഷം, സർക്കാർ സ്കൂളുകളിൽ അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതു വരെയും, എയ്ഡഡ് സ്കൂളുകളിൽ, അധിക തസ്തിക സൃഷ്ടിച്ച് കെ.ഇ.ആർ അദ്ധ്യായം **XXI**, ചട്ടം **7** ലെ വിവിധ വ്യവസ്ഥകൾ അനുസരിച്ച് നിയമനം നടത്തുന്നതു വരെയുമുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് അനുമതി നൽകി സൂചന **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.അതാത് കാലം സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും ദിവസവേതനം നൽകുന്നതു സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും ബാധകമാകുന്നതാണ് എന്നും ഉത്തരവായിരുന്നു.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **20.04.2022** തീയതിയിലെ **SRO**

375/2022 വിജ്ഞാപന പ്രകാരം  കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ വർഷവും അധികതസ്തികകൾ ഒക്ടോബർ 1 പ്രാബല്യത്തിൽ മാത്രമേ അനുവദിക്കാനാകുകയുള്ളൂ എന്നതിനാൽ സൂചന (1) ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് അനുമതി നൽകിയത് എല്ലാ അക്കാദമികവർഷങ്ങളിലും ബാധകമാണെന്ന് അറിയിക്കുന്നു.

സൂചന (1)  പ്രകാരം 2022-23 വർഷത്തിൽ  പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ  അതത് കാലം സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും ദിവസവേതനം നൽകുന്നതു സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും ബാധകമാകുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു. അധ്യാപക നിയമനത്തെ സംബന്ധിച്ചും, ഇവർക്ക് ശമ്പളം നൽകുന്നത് സംബന്ധിച്ചും കൃത്യവും വ്യക്തവുമായ ഉത്തരവ് നൽകിയിട്ടും, വർഷം മുഴുവനും അധ്യയനം നടത്തിയ അധ്യാപകർക്ക് സാങ്കേതികത്വത്തിന്റെ പേരിൽ ശമ്പളം നൽകാത്തതു സർക്കാർ നിർദേശങ്ങളുടെ ലംഘനവും കടുത്ത നീതി നിഷേധവും ആണെന്ന് വിലയിരുത്തുന്നു. പ്രതീക്ഷിത അധ്യാപക തസ്തികകളിലേക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളിലെ അധ്യാപകർക്കു, അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് മാത്രം വേതനം നൽകിയാൽ  മതിയാകുമെന്നു നിർദേശങ്ങൾ ഒന്നും തന്നെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ 2022-23 വർഷത്തിൽ  പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയ അധ്യാപകർക്ക് അർഹമായ വേതനം നൽകുവാൻ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
MEENAMBIKA M I
JOINT SECRETARY

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

muralipanamanna